# യൂണിറ്റ്
# 1

## വികസനനയങ്ങളും അനുഭവങ്ങളും (1947-90)

*സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുള്ള ഇന്ത്യൻ സമ്പദ്ഘടനയുടെ ഏകദേശചിത്രവും വിശദീകരണവും സ്വാതന്ത്ര്യാനന്തര ഇന്ത്യ തിരഞ്ഞെടുത്ത ആസൂത്രിത വികസനത്തിന്റെ നാൽപതുവർഷത്തെ ചരിത്രവും, ആദ്യത്തെ രണ്ട് യുണിറ്റുകളിൽ പ്രതിപാദിക്കുന്നു. ആസുത്രണക്കമ്മീഷന്റെ രൂപീകരണം, പഞ്ചവത്സര പദ്ധതികളുടെ പ്രഖ്യാപനം എന്നിങ്ങനെ നിരവധി നടപടികൾ ഇന്ത്യാ ഗവൺമെന്റ് ഇതിനായി കൈക്കൊണ്ടിട്ടുണ്ട്. പഞ്ചവത്സര പദ്ധതികളുടെ ലക്ഷ്യങ്ങളുടെ അവലോകനവും ആസൂത്രിത വികസനത്തിന്റെ സാധ്യതകളെയും പരിമിതികളെയും കുറിച്ചുള്ള വിമർശനാത്മകമായ വിലയിരുത്തലും ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നുണ്ട്.*

J2Y8P5

അധ്യായം – 1

# സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുള്ള ഇന്ത്യൻ സമ്പദ്ഘടന

**പഠനനേട്ടങ്ങൾ**

- സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുള്ള ഇന്ത്യൻ സമ്പദ്ഘടനയെ പരിചയപ്പെടുന്നു.
- ഇന്ത്യൻ സമ്പദ്ഘടനയുടെ പിന്നോക്കാവസ്ഥയ്ക്കും മുരടിപ്പിനും കാരണങ്ങളായ ഘടകങ്ങളെ തിരിച്ചറിയുന്നു.

**ബോക്സ് 1.1**

*"ഇന്ത്യ നമ്മുടെ സാമ്രാജ്യത്തിന്റെ കേന്ദ്രബിന്ദുവാണ്. ഈ സാമ്രാജ്യത്തിന്റെ ഏതു പ്രദേശത്തെ ആധിപത്യം നഷ്ടപ്പെട്ടാലും, നമുക്കതിനെ അതിജീവിക്കാൻ കഴിയും. പക്ഷേ ഇന്ത്യ നഷ്ടപ്പെട്ടാൽ, നമ്മുടെ സാമ്രാജ്യത്തിന്റെ സൂര്യൻ അസ്തമിക്കും."*

**വിക്ടർ അലക്സാണ്ടർ ബ്രൂസ് (1894 ലെ ബ്രിട്ടീഷ് – ഇന്ത്യ വൈസ്രോയി)**

## 1.1 ആമുഖം

ഇന്ത്യൻ സമ്പദ്ഘടനയുടെ അടിസ്ഥാന സവിശേഷതകളെയും, സ്വാതന്ത്ര്യാനന്തരം ഇന്ത്യ സ്വീകരിച്ച വികസനനയങ്ങളെയും പരിചയപ്പെടുത്തുകയാണ് **'ഇന്ത്യൻ സാമ്പത്തിക വികസന'**മെന്ന ഈ പുസ്തകത്തിന്റെ ലക്ഷ്യം. രാജ്യത്തിന്റെ സാമ്പത്തികാവസ്ഥയുടെ വർത്തമാന, ഭാവി ദർശനങ്ങളെ മനസ്സിലാക്കുന്നത്ര തന്നെ പ്രാധാന്യമുള്ളതാണ് അതിന്റെ ഭൂതകാലത്തെക്കുറിച്ചുള്ള അറിവും. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ വികസന തന്ത്രങ്ങളുടെ രൂപീകരണത്തിൽ സ്വാതന്ത്ര്യലബ്ധിക്കു മുമ്പുള്ള സാഹചര്യങ്ങൾ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്.

വർത്തമാന ഇന്ത്യൻസമ്പദ്ഘടനയുടെ ഘടന സമീപകാലത്തായി രൂപംകൊണ്ട ഒന്നല്ല. മറിച്ച് ഭൂതകാലചരിത്രത്തിലേക്കാണ് അതിന്റെ വേരുകൾ ആഴ്ന്നിറങ്ങുന്നത്. പ്രത്യേകിച്ചും 1947 ആഗസ്റ്റ് 15 ന് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുള്ള രണ്ട് നൂറ്റാണ്ട് നീണ്ടുനിന്ന ബ്രിട്ടീഷ് ഭരണകാലത്ത് വളർന്നു കൊണ്ടിരുന്ന ബ്രിട്ടനിലെ ആധുനികവ്യവസായങ്ങൾക്ക് തടസ്സമില്ലാതെ അസംസ്കൃതവസ്തുക്കൾ പ്രദാനം ചെയ്യുന്ന രാജ്യമാക്കി ഇന്ത്യയെ മാറ്റുക എന്നതായിരുന്നു കൊളോണിയൽ ഭരണത്തിന്റെ ലക്ഷ്യം. കഴിഞ്ഞ ഏഴു പതിറ്റാണ്ട് കാലം ഇന്ത്യൻ സമ്പദ്ഘടനയിൽ ഉണ്ടായ മാറ്റങ്ങളെയും പുരോഗതിയേയും മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും കോളനി ഭരണകൂടത്തിന്റെ ഈ ചൂഷണാത്മക മനോഭാവത്തെ അറിയേണ്ടത് അനിവാര്യമാണ്.

## 1.2 കോളനിക്കാലത്തെ താഴ്ന്ന സാമ്പത്തിക വികസനം (Low Level of Economic Development Under the Colonial Rule)

ബ്രിട്ടീഷ് അധിനിവേശത്തിന് മുമ്പ് ഇന്ത്യക്ക് സ്വതന്ത്രമായ ഒരു സമ്പദ്ഘടനയാണ് ഉണ്ടായിരുന്നത്. കൃഷിയായിരുന്നു ഇക്കാലത്തെ ജനങ്ങളുടെ പ്രധാനജീവിതോപാധി. എന്നിരുന്നാലും വൈവിധ്യമാർന്ന വ്യാവസായികോൽപന്നങ്ങളാൽ സമ്പന്നമായിരുന്നു ഇന്ത്യ. പരുത്തി, പട്ടു തുണിത്തരങ്ങൾ, ലോഹം, അമൂല്യമായ രത്നങ്ങൾ തുടങ്ങിയ കരകൗശല വ്യവസായങ്ങൾ ഉയർന്ന പുരോഗതി കൈവരിച്ചിരുന്നു. ഗുണമേന്മയുള്ള വസ്തുക്കളാൽ നിർമ്മിതമായ ഈ ഉൽപ്പന്നങ്ങളിൽ ഇന്ത്യൻ കരവിരുത് പ്രകടമായിരുന്നു. അതിനാൽ അവ വിദേശ കമ്പോളങ്ങളിൽ പ്രിയമേറിയവയുമായിരുന്നു. കോളനി ഭരണം, ഇന്ത്യയിൽ നടപ്പാക്കിയ സാമ്പത്തികനയങ്ങളുടെ പ്രധാന ലക്ഷ്യം,

**ബോക്സ് 1.2 ബംഗാളിലെ തുണിവ്യവസായം**

*പരുത്തി വസ്ത്രങ്ങളുടെ വകഭേദമായ 'മസ്ലിൻ' തുണിയുടെ ഉൽഭവസ്ഥാനം ഇന്നത്തെ ബംഗ്ലാദേശിന്റെ തലസ്ഥാനമായ 'ഡാക്ക' യും പരിസരപ്രദേശങ്ങളുമാണ്. പരുത്തിവസ്ത്രങ്ങളുടെ ഉത്കൃഷ്ട ഇനം എന്ന നിലയിൽ 'ഡാക്കാ മസ്ലിൻ' ലോകപ്രശസ്തിയാർജ്ജിച്ചിരുന്നു. മസ്ലിൻ തുണിയുടെ ഏറ്റവും മുന്തിയ ഇനം 'മൽമൽ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. വിദേശസഞ്ചാരികൾ 'രാജകീയതക്കനുയോജ്യം' എന്നർത്ഥം വരുന്ന 'മൽമൽ ഷാഹി' അല്ലെങ്കിൽ 'മൽമൽഖാസ്' എന്നും ഇതിനെ വിശേഷിപ്പിച്ചിരുന്നു.*

ഇന്ത്യൻ സമ്പദ്ഘടനയുടെ പുരോഗതിയെക്കാളുപരി, അവരുടെ സാമ്പത്തികതാൽപര്യങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവുമായിരുന്നു. ആയത് ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ 'അസംസ്കൃത വസ്തുക്കളുടെ ദാതാവും' ബ്രിട്ടനിൽ നിന്നുള്ള 'അന്തിമ വ്യാവസായിക DÂ ¸ ¶ § f psS D] t ` ma mh p(consumer) മെന്ന ദയനീയ അവസ്ഥയിലേക്ക് എത്തിച്ചു.

ഈ കാലയളവിൽ ഇന്ത്യയുടെ **ദേശീയ വരുമാനം (National Income), ആളോഹരി വരുമാനം (Per Capita Income)** എന്നിവ നിർണ്ണയിക്കുന്നതിനുള്ള ആത്മാർത്ഥമായൊരു പരിശ്രമവും കോളനിഭരണകൂടത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഇക്കാര്യത്തിൽ വ്യക്തിപരമായ ചില ശ്രമങ്ങൾ നടന്നുവെങ്കിലും പരസ്പര വിരുദ്ധവും ചേർച്ചയില്ലാത്തതുമായ ഫലങ്ങളാണ് ലഭിച്ചത്. **ദാദാബായ് നവ്റോജി, വില്യം ഡിഗ്ബൈ, ഫിൻഡ്‌ലേ ഷിറാസ്, വി.കെ.ആർ.വി.റാവു, സി.ആർ. ദേശായ്** എന്നിവർ നടത്തിയ പഠനങ്ങൾ ഇവയിൽ വളരെ പ്രധാനപ്പെട്ടവയാണ്. എന്നാൽ VKRV റാവുവിന്റെ പഠനങ്ങൾ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് മനസിലാക്കാൻ കഴിയുന്നത്, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതി വരെ രാജ്യത്തിന്റെ മൊത്തം യഥാർത്ഥ ഉൽപന്ന (Aggregate Real Output) വളർച്ചാനിരക്ക് 2% ത്തിൽ താഴെയും വാർഷിക ആളോഹരി ഉൽപന്ന (Per-capita Output) വളർച്ചാനിരക്ക് വെറും അരശതമാനത്തിൽ താഴെയുമായിരുന്നു എന്നുള്ളതുമാണ്.

### 1.3 കാർഷികമേഖല (Agricultural Sector)

കോളനി ഭരണകാലത്ത് ഇന്ത്യൻ സമ്പദ്വ്യവസ്ഥ പ്രധാനമായും കൃഷിയെ ആശ്രയിച്ചാണ് നിലനിന്നത്. ജനസംഖ്യയുടെ 85 ശതമാനത്തോളം പേർ ജീവിതോപാധിയായി പ്രത്യക്ഷമായോ പരോക്ഷമായോ കൃഷിയെ ആശ്രയിച്ചിരുന്നു. എന്നിരുന്നാലും കാർഷിക മേഖല മുരടിപ്പിലായിരുന്നു (Stagnation).

**ബോക്സ് 1. 3. ബ്രിട്ടീഷ് ഇന്ത്യക്ക് മുമ്പുള്ള കാർഷിക മേഖല**

പ്രശസ്ത ഫ്രഞ്ച് സഞ്ചാരിയായിരുന്ന 'ബെർണിയർ' 17 - ാം നൂറ്റാണ്ടിലെ ബംഗാളിനെ ഇപ്രകാരമാണ് വിശേഷിപ്പിച്ചത്. "എന്റെ രണ്ട് സന്ദർശനങ്ങൾ ബംഗാൾ ഈജിപ്തിനേക്കാൾ സമ്പന്നമാണെന്ന വസ്തുതയെ അരക്കിട്ടുറപ്പിച്ചു. ബംഗാളിൽ നിന്ന് പരുത്തി, പട്ട്, അരി, പഞ്ചസാര, വെണ്ണ എന്നിവ ധാരാളമായി കയറ്റു മതി ചെയ്തിരുന്നു. ഗോതമ്പ്, പച്ചക്കറികൾ, ധാന്യങ്ങൾ, താറാവ്, കോഴി, വാത്ത തുടങ്ങിയവയെ സ്വന്തം ആവശ്യങ്ങൾക്കായി ധാരാളമായി ഉൽപാദിപ്പിച്ചു. ചെമ്മരിയാടുകളും പന്നികളും സുലഭമായിരുന്നു. എല്ലാതരം മത്സ്യങ്ങളും സമൃദ്ധമായിരുന്നു. ജലസേചനത്തിനും സഞ്ചാരത്തിനുമായി ഗംഗയിൽ നിന്നും നിരവധി കനാലുകൾ, അളവറ്റ അധ്വാനമുപയോഗിച്ച് രാജ്മഹൽ മുതൽ സമുദ്രതീരം വരെ മുൻകാലങ്ങളിൽ നിർമ്മിച്ചിട്ടുണ്ടായിരുന്നു."



ചിത്രം 1.1. ബ്രിട്ടീഷ് കോളനി ഭരണകാലത്തെ ഇന്ത്യൻ കാർഷിക മേഖലയിലെ മുരടിപ്പ്

➢ പതിനേഴാം നൂറ്റാണ്ടിലെ ഇന്ത്യയുടെ കാർഷികപുരോഗതി പരിശോധിക്കുക. 200 വർഷങ്ങൾക്ക് ശേഷം ബ്രിട്ടീഷുകാർ ഇന്ത്യ വിട്ട് പോകുന്ന കാലത്തെ കാർഷിക മുരടിപ്പിനെ ഇതുമായി താരതമ്യം ചെയ്യുക.

മൊത്തം കൃഷിഭൂമിയുടെ അളവിൽ നേരിയ വർദ്ധനവ് ഉണ്ടായിരുന്നെങ്കിലും, **കാർഷി കോൽപ്പാദനക്ഷമത (Agricultural Productivity)** വളരെ താഴ്ന്ന നിലയിലായിരുന്നു. കാർഷികമേഖലയിലെ ഈ മുരടിപ്പിന് പ്രധാന കാരണം ബ്രിട്ടീഷുകാർ നടപ്പാക്കിയ **ഭൂവുടമാ സമ്പ്രദായമായിരുന്നു.** പ്രത്യേകിച്ച് ബംഗാൾ പ്രവിശ്യയിൽ (നിലവിലെ കിഴക്കൻ സംസ്ഥാനങ്ങൾ) നടപ്പിലാക്കിയ സെമീന്ദാരി, സമ്പ്രദായം. കൃഷിയിൽ നിന്നുള്ള ലാഭം കർഷകർക്കല്ല മറിച്ച് ഇടനിലക്കാരായ സെമീന്ദാർമാർക്കാണ് ലഭിച്ചിരുന്നത്.എന്നാൽ കാർഷികമേഖലയുടെ പുരോഗതിയ്ക്കുവേണ്ടി സെമീന്ദാർമാരോ കോളനി ഭരണകൂടമോ ഒന്നും ചെയ്തിരുന്നില്ല. കർഷകരിൽ നിന്ന് വൻതോതിൽ പാട്ടം പിരിച്ചെടുക്കുന്നതിൽ മാത്രമായിരുന്നു സെമീന്ദാർമാരുടെ ശ്രദ്ധ. വർദ്ധിച്ച പാട്ടഭാരം കർഷകരുടെ ജീവിതം ദുസ്സഹമാക്കി.

ഈ സമ്പ്രദായപ്രകാരം സെമീന്ദാർ കൃത്യ സമയത്ത് ബ്രിട്ടീഷ് ഭരണകൂടത്തിന് നികുതി അടയ്ക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം സെമീന്ദാർക്ക് ഭൂമിയിന്മേലുള്ള അവകാശം നഷ്ടപ്പെടും. ആയതിനാൽ കൃഷിക്കാരുടെ സാമ്പത്തികാവസ്ഥയെ സെമീന്ദാർമാർ ഒരിക്കലും പരിഗണിച്ചിരുന്നില്ല. കൂടാതെ പഴഞ്ചൻ സാങ്കേതികവിദ്യ, ജലസേചന സൗകര്യങ്ങളുടെ അഭാവം, രാസവളങ്ങളുടെ കുറഞ്ഞ ഉപയോഗം എന്നിവയും കാർഷികമേഖലയിലെ മുരടിപ്പിന് കാരണമായി.

കാർഷിക മേഖലയിലെ വാണിജ്യവൽക്കരണം കർഷകരെ ഭക്ഷ്യവിളകളിൽ നിന്ന് നാണ്യവിളകളിലേക്ക് ആകർഷിച്ചു. ഇത് അവരുടെ സാമ്പത്തികാവസ്ഥയിൽ ചെറിയ തോതിലുള്ള പുരോഗതി ഉണ്ടാക്കിയെങ്കിലും കാർഷിക മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കി. ജലസേചന സൗകര്യത്തിൽ നേരിയ പുരോഗതി ഉണ്ടായി എങ്കിലും, ഭൂമിയെ തട്ടുകളാക്കൽ, വെള്ളപ്പൊക്ക നിയന്ത്രണം, നീർവാർച്ച, മണ്ണിലെ ലവണാംശങ്ങൾ നീക്കൽ തുടങ്ങിയ രംഗങ്ങളിൽ നിക്ഷേപം കുറവായിരുന്നു. ചെറിയൊരു ഭാഗം കൃഷിക്കാർ ഭക്ഷ്യവിളകളിൽ നിന്ന് നാണ്യ

**പഠന പ്രവർത്തനങ്ങൾ**

- ബ്രിട്ടീഷ് ഇന്ത്യയുടെയും സ്വതന്ത്ര ഇന്ത്യയുടെയും ഭൂപടം താരതമ്യം ചെയ്ത് പാക്കിസ്ഥാന്റെ ഭാഗങ്ങളായി മാറിയ പ്രദേശങ്ങളെ കണ്ടുപിടിക്കുക. സാമ്പത്തിക കാഴ്ചപ്പാടിൽ എന്തു കൊണ്ടാണ് ഈ പ്രദേശങ്ങൾ ഇന്ത്യയെ സംബന്ധിച്ച് പ്രാധാന്യമർഹിക്കുന്നത്? (കൂടുതൽ വിവരങ്ങൾക്കായി ഡോ. രാജേന്ദ്രപ്രസാദിന്റെ 'India Divided' എന്ന ഗ്രന്ഥം പരിശോധിക്കുക)
- ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ വ്യത്യസ്ത ഭൂവുടമാസമ്പ്രദായങ്ങൾ ഏതെല്ലാം? ഈ ഭൂവുടമാസമ്പ്രദായങ്ങൾ എവിടെയെല്ലാം നടപ്പാക്കി? അവയുടെ ഫലങ്ങൾ എന്തെല്ലാം? ഇവ നിലവിലെ കാർഷിക സാഹചര്യങ്ങളെ സ്വാധീനിച്ചിട്ടുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ? (ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്താൻ, രമേഷ് ചന്ദ്രദത്തിന്റെ മൂന്ന് വാല്യങ്ങളുള്ള 'Economic History of India' എന്ന ഗ്രന്ഥവും, B. H. ബേഡൻ പവ്വലിന്റെ രണ്ട് വാല്യങ്ങളുള്ള 'The Land System of British India' എന്ന ഗ്രന്ഥവും പരിശോധിക്കുക) ഈ വിഷയം കൂടുതൽ അറിയുന്നതിനായി ബ്രിട്ടീഷ് ഇന്ത്യയുടെ കാർഷിക ഭൂപടം സ്വയം വരയ്ക്കുകയോ കമ്പ്യൂട്ടറിന്റെ സഹായത്താൽ തയ്യാറാക്കുകയോ ചെയ്യുക. ഇതു മനസ്സിലാക്കാൻ വിശദീകരണ ഭൂപടം സഹായകരമാണ്.

വിളകളിലേക്ക് മാറിയെങ്കിലും ഭൂരിഭാഗം കുടിയാന്മാർക്കും ചെറുകിടകർഷകർക്കും കൂട്ടുകൃഷിക്കാർക്കും കൃഷിയിൽ നിക്ഷേപമിറക്കുന്നതിനാവശ്യമായ വിഭവങ്ങളോ സാങ്കേതിക വിദ്യകളോ പ്രോത്സാഹനങ്ങളോ ലഭിച്ചിരുന്നില്ല.

## 1.4 വ്യാവസായിക മേഖല (Industrial Sector)

കാർഷികമേഖലയിലെന്ന പോലെ, ഉൽപന്ന നിർമ്മാണമേഖലയിലും ശക്തമായ വ്യാവസായിക അടിത്തറ കെട്ടിപ്പടുക്കാൻ ഇന്ത്യയിൽ കോളനി ഭരണത്തിന് കഴിഞ്ഞിരുന്നില്ല. ലോകപ്രശസ്തിനേടിയ ഇന്ത്യൻ കരകൗശലവ്യവസായങ്ങൾ ക്ഷയിച്ചു എന്നു മാത്രമല്ല, ആ സ്ഥാനത്തേക്ക് അതേ പ്രൗഢിയിലുള്ള ആധുനിക വ്യവസായങ്ങൾ ഉയർന്നു വരാൻ അനുവദിച്ചതുമില്ല. ഇന്ത്യൻ വ്യവസായങ്ങളുടെ തകർച്ചക്ക് ആക്കം കൂട്ടിയ ബ്രിട്ടന്റെ വ്യവസായികനയങ്ങൾക്ക് രണ്ട് ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്. ബ്രിട്ടനിൽ വളർന്നുവന്ന ആധുനിക വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ കയറ്റുമതി ചെയ്യുന്ന രാജ്യമായി ഇന്ത്യയെ മാറ്റുക എന്നതായിരുന്നു ഒന്നാമത്തെ ലക്ഷ്യം. ബ്രിട്ടനിൽ ഉൽപ്പാദിപ്പിക്കുന്ന വ്യവസായഉൽപ്പന്നങ്ങളുടെ വിശാലകമ്പോളമാക്കി ഇന്ത്യയെ മാറ്റുക എന്നതായിരുന്നു രണ്ടാമത്തെ ലക്ഷ്യം. ബ്രിട്ടന്റെ സാമ്പത്തിക പുരോഗതിയായിരുന്നു ഈ നയങ്ങളിലൂടെ കോളനി ഭരണകൂടം ലക്ഷ്യം വെച്ചത്. ഇത് ഇന്ത്യയിൽ പുതിയൊരു സാമ്പത്തിക അവസ്ഥ സംജാതമാക്കി. കരകൗശലവ്യവസായങ്ങളുടെ തകർച്ച ഇന്ത്യയിൽ തൊഴിലില്ലായ്മ രൂക്ഷമാക്കുകയും ഉപഭോഗ കമ്പോളത്തിൽ പ്രാദേശിക ഉൽപന്നങ്ങളുടെ ലഭ്യത ഇല്ലാതാക്കുകയും ചെയ്തു. തുടർന്നുണ്ടായ ഉപഭോഗവസ്തുക്കളുടെ ചോദന (demand) വർദ്ധനവിനെ, ബ്രിട്ടനിൽ ഉൽപ്പാദിപ്പിച്ചിരുന്ന വിലകുറഞ്ഞ വസ്തുക്കളുടെ ഇറക്കുമതിയിലൂടെയാണ് കോളനി ഭരണകൂടം സമർത്ഥമായി ഉപയോഗപ്പെടുത്തിയത്.

19-ാംനൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ തന്നെ ആധുനികവ്യവസായങ്ങൾ ഇന്ത്യയിൽ വേരുറപ്പിച്ചുവെങ്കിലും അവയുടെ വളർച്ച മന്ദഗതിയിലായിരുന്നു. തുടക്കത്തിൽ ഈ പുരോഗതി ചണം, പരുത്തി എന്നീ വ്യവസായങ്ങളിൽ മാത്രമൊതുങ്ങി. ഇന്ത്യക്കാരുടെ അധീനതയിലുണ്ടായിരുന്ന പരുത്തി വ്യവസായശാലകൾ ആരംഭിച്ചത് പ്രധാനമായും ഗുജറാത്തിലും മഹാരാഷ്ട്രയിലുമായിരുന്നു. അതേസമയം ബ്രിട്ടീഷുകാരുടെ അധീനതയിൽ ഉണ്ടായിരുന്ന ചണവ്യവസായങ്ങൾ കേന്ദ്രീകരിച്ചത് ബംഗാളിലായിരുന്നു. 20-ാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യയിൽ ഇരുമ്പുരുക്ക് വ്യവസായം പ്രവർത്തനമാരംഭിച്ചു. 1907 ൽ ടാറ്റാ ഇരുമ്പുരുക്ക് കമ്പനി (**TISCO**) സ്ഥാപിതമായി. രണ്ടാം ലോകയുദ്ധത്തിന് ശേഷം പഞ്ചസാര, സിമന്റ്, കടലാസ് എന്നീ വ്യവസായങ്ങൾ പേരിനെങ്കിലും ഇന്ത്യയിൽ തുടക്കം കുറിച്ചു.

വ്യാവസായവൽക്കരണത്തിന് അത്യന്താപേക്ഷിതമായ **മൂലധനചരക്ക് വ്യവസായങ്ങൾ (Capital Goods Industry)** ഉണ്ടായിരുന്നില്ല. ഉൽപ്പാദനത്തിനാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായങ്ങളാണ് മൂലധന ചരക്ക് വ്യവസായങ്ങൾ. ഒറ്റപ്പെട്ട ചില വ്യവസായങ്ങൾ ആരംഭിച്ചുവെങ്കിലും അവ ഇന്ത്യയുടെ പരമ്പരാഗതമായ കരകൗശലവ്യവസായങ്ങൾക്ക് പകരം നിൽക്കാവുന്ന തരത്തിലുള്ളവയായിരുന്നില്ല. കൂടാതെ ഈ വ്യവസായങ്ങളുടെ വളർച്ചാനിരക്കും **മൊത്തം ആഭ്യന്തര ഉൽപന്നത്തിലേക്കുള്ള (GDP)**

### പഠന പ്രവർത്തനങ്ങൾ

- ഇന്ത്യയിൽ ആധുനികവ്യവസായങ്ങൾ ആദ്യമായി എന്ന്, എവിടെ സ്ഥാപിച്ചു. എന്നതിനെ കുറിച്ച് ഒരു പട്ടിക തയ്യാറാക്കുക. ആധുനിക വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന ഘടകങ്ങൾ ഏതെല്ലാം? ടാറ്റാ ഇരുമ്പുരുക്ക് വ്യവസായം ഇപ്പോഴത്തെ ജാർക്കണ്ഡിന്റെ ഭാഗമായ ജാംഷെഡ്പൂരിൽ തന്നെ സ്ഥാപിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാം?
- ഇന്ത്യയിൽ നിലവിലെത്ര ഇരുമ്പുരുക്ക് വ്യവസായശാലകളുണ്ട്? ലോകത്തിലെ മികച്ച ഇരുമ്പുരുക്ക് വ്യവസായങ്ങളിൽ ഇവ ഉൾപ്പെടുന്നുണ്ടോ? ഇവ പുന: ക്രമീകരിക്കുകയും നവീകരിക്കുകയും ചെയ്യേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എപ്രകാരം നടപ്പിലാക്കാം? തന്ത്രപ്രധാനമല്ലാത്ത വ്യവസായങ്ങൾ പൊതുമേഖലയിൽ തുടരേണ്ടതില്ല എന്ന അഭിപ്രായത്തോടുള്ള നിങ്ങളുടെ കാഴ്ചപ്പാട് എന്താണ്?
- ഇന്ത്യാഭൂപടത്തിൽ സ്വാതന്ത്ര്യകാലത്തെ പരുത്തി വ്യവസായങ്ങൾ, ചണമില്ലുകൾ, തുണിമില്ലുകൾ എന്നിവ അടയാളപ്പെടുത്തുക.

ഇവയുടെ സംഭാവനയും നാമമാത്രമായിരുന്നു. പുതുതായി ആരംഭിച്ച വ്യവസായങ്ങളിൽ പൊതുമേഖലയുടെ സ്ഥാനം റെയിൽവെ, വൈദ്യുതോൽപ്പാദനം, തുറമുഖം, വാർത്താവിനിമയം എന്നിവയിൽ ഒതുങ്ങി

## 1.5 വിദേശവ്യാപാരം (Foreign Trade)

പുരാതനകാലം മുതൽക്കേ വിദേശവ്യാപാരത്തിൽ പ്രശസ്തിയാർജ്ജിച്ച രാജ്യമായിരുന്നു ഇന്ത്യ. എന്നാൽ കോളനി ഭരണകൂടം ഉൽപാദനം, വ്യാപാരം, തീരുവ എന്നീ മേഖലകളിൽ നടപ്പാക്കിയ നയങ്ങൾ ഇന്ത്യയുടെ വിദേശവ്യാപാരത്തിന്റെ ഘടനയേയും, ഘടകങ്ങളേയും അളവിനേയും പ്രതികൂലമായി ബാധിച്ചു. ഇതിന്റെ ഫലമായി അസംസ്കൃത പട്ട്, പരുത്തി, കമ്പിളി, പഞ്ചസാര, നീലം, ചണം തുടങ്ങിയ പ്രാഥമിക വസ്തുക്കൾ കയറ്റുമതി ചെയ്യുകയും ബ്രിട്ടനിലെ ഫാക്ടറികളിൽ നിർമ്മിച്ച ലഘുയന്ത്രങ്ങൾ പോലുള്ള മൂലധനവസ്തുക്കൾ, കൂടാതെ പൂർണ്ണ ഉപഭോഗവസ്തുക്കളായ പരുത്തി, പട്ട്, കമ്പിളി വസ്ത്രങ്ങൾ ഇവകൾ ഇറക്കുമതി ചെയ്യുന്ന രാജ്യമായി ഇന്ത്യമാറി. കൂടാതെ നിക്ഷിപ്തലക്ഷ്യങ്ങളോടെ ഇന്ത്യയുടെ ഇറക്കുമതിയുടെയും കയറ്റുമതിയുടെയും മേൽ കുത്തകാധിപത്യം ബ്രിട്ടൺ നിലനിർത്തി. ഇതിന്റെ ഫലമായി ഇന്ത്യയുടെ വിദേശവ്യാപാരത്തിന്റെ പകുതിയിലധികവും ബ്രിട്ടനുമായും ശേഷിക്കുന്ന ഭാഗം ചൈന, സിലോൺ (ശ്രീലങ്ക), പേർഷ്യ (ഇറാൻ) പോലുള്ള രാജ്യങ്ങളുമായും നടത്താൻ നിർബന്ധിതമായി. സൂയസ് കനാൽ തുറന്നതോടുകൂടി ഇന്ത്യൻ വിദേശവ്യാപാരത്തിന്മേലുള്ള നിയന്ത്രണം ബ്രിട്ടൻ കൂടുതൽ കർശനമാക്കി (ബോക്സ് 1.3 കാണുക)

ബ്രിട്ടീഷുഭരണകാലത്തെ വിദേശവ്യാപാരത്തിന്റെ പ്രത്യേകലക്ഷ്യം ഉയർന്ന കയറ്റുമതി മിച്ചം സൃഷ്ടിക്കുകയെന്നതായിരുന്നു. എന്നാൽ ഈ മിച്ചം (Export Surplus) ഉണ്ടാക്കുന്നതിന് രാജ്യം വലിയ വില നൽകേണ്ടിവന്നു. ഭക്ഷ്യധാന്യങ്ങൾ, വസ്ത്രങ്ങൾ, മണ്ണെണ്ണ തുടങ്ങി പലവിധത്തിലുള്ള അത്യാവശ്യ വസ്തുക്കളുടെ ലഭ്യത ആഭ്യന്തര കമ്പോളത്തിൽ കുറഞ്ഞു. ഈ വ്യാപാരമിച്ചം ഇന്ത്യയിലേയ്ക്കുള്ള സ്വർണ്ണത്തിന്റെയും വെള്ളിയുടെയും ഒഴുക്ക് വർദ്ധിപ്പിച്ചില്ല എന്നു മാത്രമല്ല ഇവ ബ്രിട്ടീഷുകാരുടെ ഭരണ, യുദ്ധചെലവുകൾക്കും


**പഠന പ്രവർത്തനങ്ങൾ**

- ബ്രിട്ടീഷ് ഭരണകാലത്തെ ഇന്ത്യയുടെ കയറ്റുമതി, ഇറക്കുമതി എന്നീ ഇനങ്ങളുടെ പട്ടിക തയ്യാറാക്കുക.
- ഇന്ത്യാഗവൺമെന്റിന്റെ ധനകാര്യ വകുപ്പ് പുറത്തിറക്കുന്ന സാമ്പത്തിക സർവ്വേകളിൽ നിന്ന് നമ്മുടെ കയറ്റുമതി, ഇറക്കുമതി ഇനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. ഈ ഇനങ്ങളെ സ്വാതന്ത്ര്യലബ്ധിക്കുമുമ്പുള്ള കാലത്തെ ഇനങ്ങളുമായി താരതമ്യം ചെയ്യുക. ഇന്ത്യയുടെ വിദേശവ്യാപാരത്തിൽ സുപ്രധാനപങ്ക് വഹിക്കുന്ന തുറമുഖങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തുക.

ഒപ്പം വിവിധ സേവനങ്ങളുടെ ഇറക്കുമതി ചെലവിനായി വിനിയോഗിക്കുകയും ചെയ്തു. ഇതെല്ലാം ബ്രിട്ടനിലേക്കുള്ള ഇന്ത്യൻ സമ്പത്തിന്റെ ഒഴുക്ക് സുഗമമാക്കി.

## 1. 6 ജനസംഖ്യാസ്ഥിതി (Demographic Condition)

ഇന്ത്യയിൽ ആദ്യമായി ഔദ്യോഗിക സെൻസസ് നടന്നത് 1881 ൽ ആണ്. ചില പരിമിതികൾ ഉണ്ടെങ്കിലും ഇന്ത്യയിലെ ജനസംഖ്യാവളർച്ചയുടെ അസന്തുലിതാവസ്ഥ ഇത് തുറന്നുകാട്ടി. ഇന്ത്യയിൽ 10 വർഷം കൂടുമ്പോഴാണ് സെൻസസ് നടത്തുന്നത്. 1921ന് മുമ്പ് ഇന്ത്യ **ജനസംഖ്യ പരിവർത്തനത്തിന്റെ (Demographic Transition)** ആദ്യഘട്ടത്തിലായിരുന്നു. രണ്ടാം ഘട്ടം ആരംഭിക്കുന്നത് 1921 നുശേഷമാണ്. എന്നിരുന്നാലും ഈ ഘട്ടത്തിൽ ഇന്ത്യയുടെ




ചിത്രം1. 2. സൂയസ് കനാൽ – ഇന്ത്യയേയും ബ്രിട്ടനേയും ബന്ധിപ്പിച്ച സുപ്രധാന പാത.

**ബോക്സ് 1. 4 സൂയസ് കനാലിലൂടെയുള്ള വ്യാപാരം**


വടക്ക് കിഴക്കൻ ഈജിപ്തിലെ സൂയസ് കരയിടുക്കിന് സമാന്തരമായി വടക്ക്-തെക്ക് നീണ്ടു കിടക്കുന്ന മനുഷ്യനിർമ്മിത ജലമാർഗ്ഗമാണ് സൂയസ് കനാൽ. ഇത് മെഡിറ്ററേനിയൻ കടലിലെ പോർട്ട് സെയ്ദിനേയും ചെങ്കടലിന്റെ കൈവഴിയായ സൂയസ് ഉൾക്കടലിനേയും പരസ്പരം ബന്ധിപ്പിക്കുന്നു. സൂയസ് കനാൽ യൂറോപ്പ്, അമേരിക്ക, തെക്കേ ഏഷ്യൻ രാജ്യങ്ങൾ, കിഴക്കൻ ആഫ്രിക്ക, ഓഷ്യാനിയ തുടങ്ങിയ പ്രദേശങ്ങളിലെ തുറമുഖങ്ങളിലേക്ക് സഞ്ചരിക്കുന്ന കപ്പലുകൾക്ക് ആഫ്രിക്കൻ വൻകരയെ ചുറ്റി സഞ്ചരിക്കേണ്ട അവസര ഒഴിവാക്കുന്നു. സാമ്പത്തികമായും തന്ത്രപ്രധാനമായും ലോകത്തിലെ പ്രധാന ജലമാർഗ്ഗങ്ങളിലൊന്നാണ് ഇത്. 1869 ൽ ഇത് തുറന്നതോടു കൂടി യാത്രാച്ചെലവ് കുറയുകയും യൂറോപ്യൻ രാജ്യങ്ങൾക്ക് ഇന്ത്യൻ കമ്പോളത്തിലേക്കുള്ള പ്രവേശനം സുഗമമാവുകയും ചെയ്തു.

മൊത്തം ജനസംഖ്യയും ജനസംഖ്യാവളർച്ചാ നിരക്കും ഉയർന്നതായിരുന്നില്ല.

ഇന്ത്യയിലെ സാമൂഹ്യ വികസന സൂചകങ്ങൾ ഒന്നും തന്നെ ഒട്ടും പ്രോത്സാഹനപരമായ അവസ്ഥയിലായിരുന്നില്ല. രാജ്യത്തെ സാക്ഷരതാനിരക്ക് 16% ത്തിൽ താഴെയായിരുന്നു. ഇതിൽ സ്ത്രീസാക്ഷരതാനിരക്ക് വെറും 7% ത്തിൽ താഴെയും. പൊതുജനാരോഗ്യസൗകര്യങ്ങൾ നല്ലൊരുവിഭാഗം ജനങ്ങൾക്കും ലഭ്യമായിരുന്നില്ല. ഉണ്ടായിരുന്നവ തന്നെ തീർത്തും അപര്യാപ്തമായിരുന്നു. അതിനാൽ വായു-ജലജന്യ രോഗങ്ങൾ വ്യാപകമാവുകയും ഇവ പിടിപെട്ട് ധാരാളം ആളുകൾ മരിക്കുകയും ചെയ്തു. അതിനാൽ മൊത്തം മരണനിരക്ക് വളരെ ഉയർന്നതായിരുന്നു എന്നതിൽ ഒട്ടും അതിശയോക്തിയില്ല. **ശിശുമരണനിരക്ക് (Infant Mortality Rate)** 1000ന് 218 എന്ന നിരക്കിലായിരുന്നു. ഇതിനെ ഇപ്പോഴത്തെ ശിശുമരണനിരക്കായ 1000 ന് 63 മായി താരതമ്യം ചെയ്തുനോക്കുക. ആയുർ ദൈർഘ്യം 44 വർഷം മാത്രമായിരുന്നു. ഇപ്പോഴത് 68 വർഷമാണെന്നോർക്കുക. വിശ്വാസയോഗ്യമായ ദത്തങ്ങളുടെ അഭാവത്തിൽ അക്കാലത്തെ ദാരിദ്ര്യത്തിന്റെ വ്യാപ്തി അളക്കൽ പ്രയാസമാണ്. എങ്കിലും കോളനിഭരണകാലത്ത് ഇന്ത്യയിൽ കഠിനമായ ദാരിദ്ര്യം നിലനിന്നിരുന്നുവെന്നതും അത് ഇന്ത്യൻ ജനതയുടെ ജീവിതം ദുഃസ്സഹമാക്കി എന്നതും തർക്കമില്ലാത്ത കാര്യമാണ്.

## 1.7 തൊഴിൽ ഘടന (Occupational Structure)

കോളനി ഭരണകാലത്ത് ഇന്ത്യയുടെ തൊഴിൽ ഘടന, അതായത് വിവിധ വ്യവസായങ്ങളിലും, മേഖലകളിലും തൊഴിൽ ചെയ്യുന്നവരുടെ വിതരണത്തിൽ ചെറിയ മാറ്റങ്ങൾ പ്രകടിപ്പിച്ചു. മൊത്തം തൊഴിൽശക്തിയുടെ ഏറിയ പങ്കും കാർഷികമേഖലയിലായിരുന്നു. ഇത് ഏകദേശം 70% മുതൽ 75% വരെയായിരുന്നു. എന്നാൽ ഉൽപന്ന നിർമ്മാണമേഖല 10% വും സേവന മേഖല 15–20 % വും തൊഴിൽ ശക്തിയെയാണ് ഉൾക്കൊണ്ടിരുന്നത്. ശ്രദ്ധേയമായ മറ്റൊരു വസ്തുത വർദ്ധിച്ച പ്രാദേശികതലത്തിലുള്ള അന്തരമായിരുന്നു. അന്നത്തെ മദ്രാസ്പ്രവിശ്യ



ചിത്രം 1.3. ഇന്ത്യയിലെ വലിയൊരു വിഭാഗം ജനതങ്ങൾക്കും വീടുപോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല.

### പഠന പ്രവർത്തനങ്ങൾ


- സ്വാതന്ത്ര്യത്തിനു മുമ്പ് ഇന്ത്യയിൽ ഇടയ്ക്കിടെ സംഭവിച്ചിരുന്ന ക്ഷാമങ്ങളുടെ കാരണങ്ങൾ എന്തെന്ന് കണ്ടെത്താൻ നിങ്ങൾക്ക് കഴിയുമോ? നോബേൽ പുരസ്കാരജേതാവായ അമർത്യാസെന്നിന്റെ 'Poverty and Famines' എന്ന ഗ്രന്ഥം അവലംബിക്കാം
- സ്വാതന്ത്ര്യം ലഭിച്ച കാലത്തെ ഇന്ത്യയുടെ തൊഴിൽ ഘടനയെ കാണിക്കുന്ന ഒരു പൈഡയഗ്രം വരയ്ക്കുക.

യുടെ ചില ഭാഗങ്ങളിലും (ഇന്നത്തെ സംസ്ഥാനങ്ങളായ കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്, തെലുങ്കാന എന്നിവ മദ്രാസ് പ്രവിശ്യയുടെ ഭാഗങ്ങളായിരുന്നു) ബോംബെയിലും ബംഗാളിലും കാർഷികമേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം കുറവും നിർമ്മാണമേഖലയിലും സേവനമേഖലയിലുമുള്ളവരുടെ എണ്ണം കൂടുതലുമായിരുന്നു. അതേസമയം ഒറീസ്സ, രാജസ്ഥാൻ, പഞ്ചാബ് തുടങ്ങിയ സംസറാനങ്ങളിൽ കാർഷികമേഖലയിലെ തൊഴിൽശക്തി ഉപയോഗം ഉയർന്നുകൊണ്ടിരിക്കുകയായിരുന്നു.

## 1.8 പശ്ചാത്തലസൗകര്യങ്ങൾ (Infrastructure)

കോളനി ഭരണകാലത്ത് ഇന്ത്യയുടെ പശ്ചാത്തലസൗകര്യങ്ങളായ റെയിൽവേ, തുറ മുഖം, ജലഗതാഗതം, തപാൽ, കമ്പിത്തപാൽ എന്നിവ വികസിച്ചു. ബ്രിട്ടീഷുകാരുടെ യഥാർത്ഥലക്ഷ്യം ഇന്ത്യക്കാർക്ക് പശ്ചാത്തലസൗകര്യങ്ങൾ ലഭ്യമാക്കുക എന്നതായിരുന്നില്ല, മറിച്ച് തങ്ങളുടെ വിവിധങ്ങളായ സാമ്രാജ്യത്വ താൽപര്യങ്ങളെ സംരക്ഷിക്കുക യായിരുന്നു. ബ്രിട്ടീഷ് ഭരണത്തിനു മുമ്പ് നിർമ്മിച്ച റോഡുകൾ ആധുനിക ഗതാഗതത്തിന് ഒട്ടും അനുയോജ്യമായിരുന്നില്ല. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് സൈനിക നീക്കങ്ങൾക്കുള്ള സൗകര്യമൊരുക്കുക എന്ന ലക്ഷ്യമാണ് പല റോഡ് നിർമ്മാണങ്ങൾക്കും പിന്നിലുണ്ടായിരുന്നത്. അതുപോലെ അസംസ്കൃത വസ്തുക്കൾ ഗ്രാമപ്രദേശങ്ങിൽ നിന്നും അടുത്തുള്ള റെയിൽവേ സ്റ്റേഷനിലേക്കും, തുറമുഖങ്ങൾതുടങ്ങിയ ഇടങ്ങളിലേക്കും എത്തിച്ച് അത് അവിടെ നിന്ന് ഇംഗ്ലണ്ടിലേക്കോ ലാഭകരമായ മറ്റ് വിദേശകേന്ദ്രങ്ങളിലേക്കോ എത്തിക്കുക എന്ന താൽപര്യവും ഈ റോഡു നിർമ്മാണങ്ങൾക്കു പിന്നിലുണ്ടായിരുന്നു. എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന റോഡുകൾ ഗ്രാമങ്ങളിൽ കുറവായതിനാൽ പ്രകൃതിദുരന്തങ്ങളുടെയും ക്ഷാമത്തിന്റെയും അവസരങ്ങളിൽ ജനങ്ങൾ വളരെ പ്രയാസപ്പെട്ടിരുന്നു.

ബ്രിട്ടീഷുകാർ ഇന്ത്യയിൽ റെയിൽവെ ആരംഭിച്ചത് 1850 ലാണ്. അത് അവരുടെ സംഭാവനയായി കരുതുന്നു. ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ ഘടനയെ രണ്ട് രീതിയിലാണ് റെയിൽവെ സ്വാധീനിച്ചത്. ഒന്നാമതായി, ദീർഘദൂരയാത്രകൾ സാധ്യമായതോടെ ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ അതിർവരമ്പുകൾ ഭേദിക്കാൻ സഹായകമായി. രണ്ടാമതായി, കൃഷിയുടെ വാണിജ്യവൽക്കരണത്തെ അത് പരിപോഷിപ്പിച്ചെങ്കിലും ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ സ്വയം പര്യാപ്തതയെ ദോഷകരമായി ബാധിച്ചു. ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിവർദ്ധിച്ചു എന്നതിന് സംശയമില്ല. എങ്കിലും ഇതിന്റെ ഗുണമൊന്നും കൃഷിക്കാരായ ജനങ്ങൾക്ക് നേരിട്ട് ലഭിച്ചില്ല. റെയിൽവേയുടെ ആവിർഭാവം കൊണ്ട് ഇന്ത്യൻ ജനതയ്ക്കുണ്ടായ സാമൂഹ്യനേട്ടം ചെറുതല്ല എങ്കിലും രാജ്യത്തിന്റെ സാമ്പത്തിക നഷ്ടത്തെ മറികടക്കുന്നതായിരുന്നില്ല.




ചിത്രം 1.4. ആദ്യ റെയിൽവേ പാലം – 1854 ബോംബെ–താനെയുമായി ബന്ധിപ്പിക്കുന്നത്.

റെയിൽവേ, റോഡ് എന്നിവയുടെ വികസന ത്തോടൊപ്പം തന്നെ കോളനിഭരണകൂടം ഉൾനാടൻ വ്യാപാരവും കടൽ ഗതാഗത മാർഗ്ഗങ്ങളും വികസിപ്പിക്കാനുള്ള നടപടിയെടുത്തു. എങ്കിലും ഈ പ്രവർത്തനങ്ങൾ തൃപ്തികര മായിരുന്നില്ല. ഉൾനാടൻ ജലഗതാഗതം ഒറീസ്സയിലെ തീരദേശ കനാൽ സംവിധാനത്തെപ്പോലെതന്നെ സാമ്പത്തികമായി ലാഭമായിരുന്നില്ല. ഉയർന്ന ചെലവിൽ നിർമ്മിച്ചിരുന്ന കനാൽ സംവിധാനമായിരുന്നിട്ടും റെയിൽവെയുമായി മത്സരിക്കാൻ കഴിയുമായിരുന്നില്ല. ഏറെ താമസിയാതെ ആ പ്രദേശത്ത് കനാലിനു സമാന്തരമായി റെയിൽവെ വരികയും കനാൽ സംവിധാനം തന്നെ ഉപേക്ഷിക്കേണ്ടിവരികയും

## പഠന പ്രവർത്തനങ്ങൾ

- ബ്രിട്ടീഷ് ഭരണം പല വിധത്തിലും ഇന്ത്യയ്ക്ക് അനുഗുണമായിരുന്നുവെന്ന ഒരു കാഴ്ചപ്പാട് നിലനിൽക്കുന്നുണ്ട്. ഇതിനെക്കുറിച്ച് വിശദമായ സംവാദം ആവശ്യമുണ്ട്. ഈ കാഴ്ചപ്പാടിനെക്കുറിച്ചുള്ള നിങ്ങളുടെ നിരീക്ഷണം എന്താണ്? 'ബ്രിട്ടീഷ് രാജ് ഇന്ത്യയ്ക്ക് അനുഗുണമായിരുന്നോ' – ക്ലാസ്സിൽ ചർച്ച ചെയ്യുക.

ചെയ്തു. ചെലവേറിയതാണെങ്കിലും വൈദ്യുതീകൃത കമ്പിതപാൽ സംവിധാനം രാജ്യത്തിന്റെ ക്രമസമാധാനപാലനത്തിൽ വലിയ പങ്കാണ് വഹിച്ചത്. തപാൽസംവിധാനം ഉപകാരപ്രദമായിരുന്നുവെങ്കിലും വർദ്ധിച്ച ആവശ്യങ്ങൾക്കനുസൃതമായ സേവനം നൽകാൻ പര്യാപ്തമായിരുന്നില്ല. പശ്ചാത്തല സൗകര്യങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ 8–ാംമാത്തെ അധ്യായത്തിലും കാണാം.



ചിത്രം 1.5. ടാറ്റാ എയർലൈൻസ് – 1932 ൽ ഇതിന്റെ ആരംഭത്തോടെ ഇന്ത്യയിൽ വ്യോമ ഗതാഗതം ആരംഭിച്ചു.

## 1.9 ഉപസംഹാരം

ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോഴേക്കും രണ്ട് നൂറ്റാണ്ടോളം നീണ്ടു നിന്ന ബ്രിട്ടീഷ്ഭരണത്തിന്റെ പ്രത്യാഘാതങ്ങൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ എല്ലാ തലങ്ങളേയും ബാധിച്ചിരുന്നു. ആവശ്യത്തിലധികം തൊഴിലാളികളെ കൊണ്ടും അങ്ങേയറ്റം താഴ്ന്ന ഉൽപാദനക്ഷമത കൊണ്ടും കാർഷികമേഖല തളർന്നിരുന്നു. ആധുനികവൽക്കരണം, വൈവിധ്യവൽക്കരണം, ശേഷി നിർമ്മാണം, പൊതുനിക്ഷേപ വർദ്ധന എന്നിവ വ്യാവസായിക മേഖലയിൽ അത്യാവശ്യമായിരുന്നു. അക്കാലത്തെ വിദേശവ്യാപാരം ബ്രിട്ടനിലെ വ്യാവസായിക വിപ്ലവത്തെ പരിപോഷിപ്പിക്കാൻ മാത്രം ലക്ഷ്യമിട്ടതായിരുന്നു. പശ്ചാത്തല സൗകര്യങ്ങളിൽ റെയിൽവേ ശൃംഖലകളുടെ നവീകരണം, വിപുലീകരണം, പൊതു ക്രമീകരണം എന്നിവ ഉൾപ്പെടുന്നു. വ്യാപകമായ ദാരിദ്ര്യവും തൊഴിലില്ലായ്മയും ജനക്ഷേമ സാമ്പത്തിക നയങ്ങളുടെ ആവശ്യകതയെ ചൂണ്ടികാട്ടി. ചുരുക്കത്തിൽ രാജ്യത്തിന് നേരിടേണ്ടി വന്ന സാമൂഹ്യസാമ്പത്തിക വെല്ലുവിളികൾ വളരെയേറെയായിരുന്നു.


### സംഗ്രഹം

- സ്വാതന്ത്ര്യത്തിനുശേഷം ഉണ്ടായ വികസനനേട്ടങ്ങളെ അറിയുന്നതിനും വിലയിരുത്തുന്നതിനും സ്വാതന്ത്ര്യം ലഭിക്കും മുമ്പുള്ള സമ്പദ് വ്യവസ്ഥയെ മനസ്സിലാക്കൽ അത്യാവശ്യമാണ്.
- കോളനി ഭരണകാലത്ത് നടപ്പാക്കിയ സാമ്പത്തികനയങ്ങളുടെ ലക്ഷ്യം കോളനി രാജ്യങ്ങളുടെയും കോളനി ജനതയുടെയും സാമ്പത്തികപുരോഗതിക്കുപരി ബ്രിട്ടീഷ് ഭരണകൂടത്തിന്റെ നിക്ഷിപ്ത താൽപര്യങ്ങളുടെ സംരക്ഷണവും പരിപോഷണവും മാത്രമായിരുന്നു.
- ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും തങ്ങളുടെ ജീവിതോപാധിയായി കാർഷിക മേഖലയെ ആശ്രയിച്ചിരുന്നുവെങ്കിലും ബ്രിട്ടീഷ് കാലഘട്ടത്തിൽ കാർഷികമേഖല പൂർണ്ണമായും മുരടിപ്പിലും ശോഷണത്തിലുമായിരുന്നു.
- ബ്രിട്ടീഷ് ഭരണം ഇന്ത്യയിലെ ലോക പ്രശസ്തമായ കരകൗശലവ്യവസായങ്ങളെ തകർക്കുകയും പകരം ആധുനിക വ്യവസായ അടിത്തറക്കുള്ള സാഹചര്യം ഒരുക്കാതിരിക്കുകയും ചെയ്തു.
- പൊതു ആരോഗ്യസൗകര്യങ്ങളുടെ അഭാവം, ഇടയ്ക്കിടെയുള്ള പ്രകൃതി ദുരന്തങ്ങൾ, ക്ഷാമം എന്നിവ ഇന്ത്യൻ ജനതയെ പാപ്പരാക്കുകയും ഉയർന്ന മരണനിരക്കിന് കാരണമാവുകയും ചെയ്തു.
- പശ്ചാത്തലസൗകര്യങ്ങളുടെ വികസനത്തിനായി, കോളനി ഭരണകൂടം ശ്രമിച്ചിരുന്നെങ്കിലും തങ്ങളുടെ താൽപര്യങ്ങളുടെ സംരക്ഷണമായിരുന്നു അവരുടെ ലക്ഷ്യം. ആസൂത്രണത്തിലൂടെ ഈ കുറവുകൾ നികത്തുക എന്നതായിരുന്നു സ്വതന്ത്ര ഇന്ത്യയിലെ ഗവൺമെന്റിന്റെ മുന്നിലുണ്ടായിരുന്ന ആദ്യ കടമ്പ.



## അഭ്യാസം

1. കോളനിഭരണകൂടം ഇന്ത്യയിൽ നടപ്പാക്കിയ സാമ്പത്തിക നയങ്ങളുടെ യഥാർത്ഥ ലക്ഷ്യങ്ങളെന്തായിരുന്നു? ഈ നയങ്ങളുടെ പ്രത്യാഘാതങ്ങൾ എന്തായിരുന്നു.?
2. കോളനി ഭരണകാലത്ത് ഇന്ത്യയുടെ ദേശീയവരുമാന നിർണ്ണയം നടത്തിയവരിൽ ശ്രദ്ധേയരായ സാമ്പത്തിക ശാസ്ത്രജ്ഞർ ആരെല്ലാം?
3. കോളനി ഭരണകാലത്ത് കാർഷികമേഖലയിലുണ്ടായ മുരടിപ്പിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു.?
4. സ്വാതന്ത്ര്യം ലഭിച്ച സമയത്ത് ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന ആധുനികവ്യവസായങ്ങളുടെ പേരെഴുതുക.
5. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ ക്രമാനുഗതമായ വ്യവസായ നയങ്ങൾക്ക് പുറകിലുള്ള ദ്വിമുഖലക്ഷ്യങ്ങൾ എന്തായിരുന്നു.?
6. "ബ്രിട്ടീഷ് ഭരണകാലത്ത് പരമ്പരാഗത കരകൗശല വ്യവസായങ്ങൾ പൂർണ്ണമായും തകർത്തു." ഈ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരത്തെ സാധൂകരിക്കുന്ന കാരണങ്ങൾ നൽകുക.
7. ഇന്ത്യയിലെ പശ്ചാത്തല സൗകര്യവികസനനയങ്ങളിലൂടെ ബ്രിട്ടീഷുകാർ ലക്ഷ്യം വെച്ചതെന്തായിരുന്നു?
8. ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയിൽ നടപ്പാക്കിയ വ്യാവസായിക നയങ്ങളുടെ കോട്ടങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
9. കോളനിഭരണകാലത്തെ 'ഇന്ത്യൻ സമ്പത്തിന്റെ ചോർച്ച" എന്നതുകൊണ്ട് നിങ്ങൾ എന്ത് മനസ്സിലാക്കുന്നു.
10. ജനസംഖ്യാപരിവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ നിന്നും രണ്ടാംഘട്ടത്തിലേക്കുള്ള മാറ്റത്തിന്റെ അതിർത്തി നിർണ്ണയവർഷം ഏതാണ്?
11. കോളനി ഭരണകാലത്തെ ഇന്ത്യയുടെ ജനസംഖ്യാരൂപരേഖയെ അളവുപരമായി വിലയിരുത്തുക.
12. സ്വാതന്ത്ര്യം ലഭിക്കുന്നതിന്മുമ്പുള്ള ഇന്ത്യയുടെ തൊഴിൽ ഘടനയുടെ സവിശേഷതകളെ എടുത്തു കാണിക്കുക.
13. സ്വാതന്ത്ര്യം ലഭിക്കുന്ന കാലഘട്ടത്തിൽ ഇന്ത്യ നേരിടേണ്ടി വന്ന നിർണായക സാമ്പത്തിക വെല്ലുവിളികളെ അടിവരയിട്ട് കാണിക്കുക.
14. ഇന്ത്യയിൽ ഔദ്യോഗിക സെൻസസ് ആരംഭിച്ചതെപ്പോൾ?
15. സ്വാതന്ത്ര്യം ലഭിച്ച കാലഘട്ടത്തിൽ ഇന്ത്യൻ വ്യാപാരത്തിന്റെ ദിശയും വ്യാപ്തിയും സൂചിപ്പിക്കുക.
16. ബ്രിട്ടീഷ് ഭരണം ഇന്ത്യയെ സംബന്ധിച്ച് അനുഗ്രഹീതമായിരുന്നോ? ചർച്ച ചെയ്യുക.



## നിർദ്ദേശിക്കപ്പെട്ട അധിക പ്രവർത്തനങ്ങൾ

1. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് ഇന്ത്യൻ ഗ്രാമ- നഗരങ്ങളിലെ ജനങ്ങൾക്ക് ലഭ്യമായിരുന്ന സാധന സേവനങ്ങളുടെ പട്ടിക തയ്യാറാക്കുക. ഇന്നത്തെ ജനങ്ങളുടെ ഉപഭോഗരീതികളുമായി ഇതിനെ താരതമ്യം ചെയ്യുക. ജനങ്ങളുടെ ജീവിതനിലവാരത്തിലെ സ്പഷ്ടമായ വ്യത്യാസങ്ങളെ എടുത്തുകാണിക്കുക.
2. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുള്ള നിങ്ങളുടെ പരിസരപ്രദേശങ്ങളിലെ ഗ്രാമങ്ങളുടെയും പട്ടണങ്ങളുടെയും ചിത്രങ്ങൾ ശേഖരിച്ച്, അവയുടെ നിലവിലെ അവസ്ഥയുമായി താരതമ്യം ചെയ്യുക. എന്തു മാറ്റമാണ് നിങ്ങൾക്ക് അനുഭവപ്പെടുന്നത്? ഈ മാറ്റങ്ങൾ നല്ലതോ ചീത്തയോ? ചർച്ച ചെയ്യുക.
3. 'ഇന്ത്യയിൽ നിന്ന് സെമീന്ദാരി സമ്പ്രദായം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവോ' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിക്കുക. ചർച്ചയിൽ അഭിപ്രായസമന്വയമില്ലെങ്കിൽ, സെമീന്ദാരി സമ്പ്രദായത്തെ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ ഏത് മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നാണ് നിങ്ങളുടെ അഭിപ്രായം. എന്തുകൊണ്ട്?
4. സ്വാതന്ത്ര്യം ലഭിക്കുന്ന കാലഘട്ടത്തിൽ ഇന്ത്യക്കാരുടെ പ്രധാന തൊഴിലുകളേതെല്ലാമായിരുന്നുവെന്ന് കണ്ടെത്തുക. ഇന്നത്തെ ജനങ്ങളുടെ പ്രധാനതൊഴിലുകൾ എന്തെല്ലാം? 2020 ആകുമ്പോഴേക്കും ഇന്ത്യയുടെ തൊഴിൽമേഖല എപ്രകാരമായിരിക്കുമെന്നാണ് നിങ്ങൾ വിഭാവനം ചെയ്യുന്നത്?



## സഹായകഗ്രന്ഥങ്ങൾ


BADEN-POWELL, B.H. 1892. *The Land Systems of British India,* Vols I, II and III. Oxford Clarendon Press, Oxford.

BUCHANAN, D.H. 1966. *Development of Capitalist Enterprise in India.* Frank Cass and Co, London.

CHANDRA, BIPAN. 1993. 'The Colonial Legacy' in Bimal Jalan (ed.), *The Indian Economy: Problems and Prospects.* Penguin Books, New Delhi.

DUTT, R.C. 1963. *Economic History of India,* Vols. I and II. Ministry of Information and Broadcasting, Government of India, New Delhi.

KUMAR, D. AND MEGHNAD DESAI (Eds.). 1983. *Cambridge Economic History of India.* Cambridge University Press, Cambridge.

MILL, JAMES.1972. *History of British India.* Associated Publishing House, New Delhi.

PRASAD, RAJENDRA. 1946. *India Divided.* Hind Kitabs, Bombay.

SEN, AMARTYA. 1999. *Poverty and Famines.* Oxford University Press, New Delhi.